പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3353 24.06.2013-ൽ മറുപടിക്ക്

## വിദേശമദ്യത്തിന്റെ മൊത്തവിതരണ സ്ഥാപനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ . മുരളീധരൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്ത് വിദേശമദ്യത്തിന്റെ മൊത്ത വിതരണ സ്ഥാപനം ഏതാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത്, ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെയും ബിയറിന്റെയും മൊത്ത വിതരണത്തിന് അംഗീകാരമുള്ളത്, സർക്കാർ സ്ഥാപനമായ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന് മാത്രമാണ്. ടി കോർപ്പറേഷന് കീഴിൽ പ്രവർത്തിക്കുന്ന 22 എഫ്.എൽ. 9 വെയർഹൗസുകൾ മുഖേനയാണ് മൊത്തവിതരണം നടത്തുന്നത്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന്റെ വാർഷിക വിറ്റു വരവ് എത്രയാണ്; | (ബി) | 2012-13 സാമ്പത്തിക വർഷത്തിലെ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ ആകെ വിറ്റുവരവ് 8818 കോടി രൂപയാണ്.. |
| (സി) | പ്രസ്തുത തുകയിൽ നിന്നും നിശ്ചിത ശതമാനം കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി നീക്കിവയ്ക്കുവാൻ നിർദ്ദേശം നൽകുമോ; | സി & ഡി | ടി കോർപ്പറേഷന്റെ സാമൂഹ്യ പ്രതിബദ്ധതാപദ്ധതിയുടെ ഭാഗമായി 2012 13 സാമ്പത്തികവർഷത്തിൽ 3.50 കോടി രൂപ ഡീ-അഡീഷൻ സെന്ററുകൾക്കായി മാറ്റിവച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ആശുപത്രികളിൽ ജനറിക് മെഡിസിൻ വിതരണം ചെയ്യുന്നതിനായി, മദ്യ വില്പനയിൽ 1 % സെസ്സ് ചുമത്തി തുക കണ്ടെത്തുന്നുമുണ്ട്. |
| (ഡി) | സമൂഹത്തിലെ ദുർബല വിഭാഗക്കാരെ സഹായിക്കുന്നതിനായി മദ്യ വിതരണത്തിൽ നിന്നുള്ള വരുമാനത്തിന്റെ ഒരു ഭാഗം നീക്കിവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ